## പതിനാലാം കേരള നിയമസഭ

### പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 265 26.02.2018 - ൽ മറുപടിയ്ക്ക്**

## കോട്ടയം മെഡിക്കൽ കോളേജിൽ ഹൃദയമാറ്റ ശസ്ത്രക്രിയ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ :<br>ശ്രീ.കെ.സി.ജോസഫ് : | **ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി) |
| (എ) ഹൃദയമാറ്റ ശസ്ത്രക്രിയക്ക് ആവശ്യമായ എല്ലാ സജ്ജീകരണങ്ങളും വിദഗ്ദ ഡോക്ടർമാരും കോട്ടയം മെഡിക്കൽ കോളേജിൽ നിലവിലുണ്ടോ; | (എ) ഉണ്ട്. |
| (ബി) ഇതിനകം കോട്ടയം മെഡിക്കൽ കോളേജിൽ വിജയകരമായി നടന്ന ഹൃദയമാറ്റ ശസ്ത്രക്രിയകളുടെ വിശദാംശം വ്യക്തമാക്കാമോ; | (ബി) കോട്ടയം മെഡിക്കൽ കോളേജിൽ താഴെപ്പറയുന്ന നാല് പേരുടെ ഹൃദയമാറ്റ ശസ്ത്രക്രിയകൾ വിജയകരമായി നടന്നിട്ടുണ്ട്. |

| ക്രമ നം. | പേരും വയസ്സും വിലാസവും |
|---|---|
| 1 | ശ്രീ.പൊടിമോൻ, 50 വയസ്സ്, വാല്യപറമ്പിൽ, പത്തനംതിട്ട ചിറ്റാർ. |
| 2 | ശ്രീ.ബഷീർ, 45 വയസ്സ്, തായ മരക്കാർ (ഹൗസ്), കടങ്ങൽ ചിറ, എടറക്കാട്ടു പി.ഒ, എറണാകുളം. |
| 3 | ശ്രീ.ബാലൻ, 50 വയസ്സ്, പെരിക്കല്ലൂർ.പി.ഒ, പുൽപ്പള്ളി, വയനാട് |
| 4 | ശ്രീ.സുബ്രമണ്യ ഭട്ട്, 51 വയസ്സ് ശ്രീലക്ഷ്മി ഹൗസ് ഉമയംപേരൂർ പി.ഒ, കണയന്നൂർ |

| | |
|---|---|
| (സി) എല്ലാ സജ്ജീകരണങ്ങളും മെഡിക്കൽ കോളേജിൽ ഉണ്ടായിട്ടും ലക്ഷക്കണക്കിന് രൂപ മുടക്കി സാധാരണ ജനങ്ങൾ സ്വകാര്യ ആശുപത്രികളെ ശരണം പ്രാപിക്കേണ്ട സാഹചര്യം എന്തുകൊണ്ടാണ് നിലനിൽക്കുന്നതെന്ന് വ്യക്തമാക്കാമോ; | (സി) സാധാരണ ജനങ്ങൾ ചികിത്സയ്ക്കായി മെഡിക്കൽ കോളേജുകൾ ഒഴിവാക്കി സ്വകാര്യ ആശുപത്രികളിൽ പോകുന്നു എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല |

| | |
|---|---|
| (ഡി) അവയവ മാറ്റ ശസ്ത്രക്രിയകൾക്ക് പ്രാപ്തമാകുന്ന രീതിയിൽ സർക്കാർ മെഡിക്കൽ കോളേജുകളെ കാര്യക്ഷമമാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ? | (ഡി) അവയവമാറ്റ ശസ്ത്രക്രിയകൾ കാര്യക്ഷമമായി നടത്തുന്നതിനായി സർക്കാർ മെഡിക്കൽ കോളേജുകളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തിവരുന്നു. |

സെക്ഷൻ ഓഫീസർ